# ശരീഅത്ത് എന്ന പ്രഹസനം

ഒ. അബ്ദുല്ല

സുഡാനിൽനിന്ന് വന്ന പ്രതിനിധിസംഘത്തെ കണ്ടുമുട്ടിയത് തികച്ചും യാദൃച്ഛികമായിട്ടാണ്. ഖാർത്തൂമിലെ ഒരു പള്ളിയുടെ ധനശേഖരണാർഥം ഖത്തറിൽ വന്ന അവർ ഈ അടുത്തകാലത്ത് സുഡാനിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച് വാചാലരായി. ശരീഅത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു കവർച്ചയിൽ പങ്കുകൊണ്ടതിന്റെ പേരിൽ ഏതാനും ചിലരുടെ കരചരണങ്ങൾ അറുത്തുമുറിക്കാൻ ബന്ധപ്പെട്ട ഖാദി വിധിച്ചതായുള്ള പത്രവാർത്ത ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവർ പറഞ്ഞു: "പരാമൃഷ്ട സംഭവത്തെക്കുറിച്ച് പ്രത്യേകിച്ചറിയില്ല. എന്നാൽ സുഡാനിൽ ഇസ്‌ലാമികശരീഅത്ത് നടപ്പാക്കിത്തുടങ്ങിയിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്."

"എന്നുവെച്ചാൽ ഇസ്‌ലാമിക ശിക്ഷാ വിധികൾ നടപ്പാക്കിത്തുടങ്ങി എന്നല്ലേ?"

"അതേ. സുഊദി അറേബ്യയിലും മറ്റും ചെയ്യും പ്രകാരം കട്ടവന്റെ കൈ മുറിക്കാനും വ്യഭിചാരിയെ കല്ലെറിഞ്ഞു കൊല്ലാനും മറ്റും തുടങ്ങിയിരിക്കുന്നു."

നീണ്ട തലപ്പാവും നീളൻ താടിയുമുള്ള പ്രതിനിധി സംഘാംഗങ്ങൾ പ്രത്യക്ഷത്തിൽതന്നെ പണ്ഡിതന്മാരാണ്. അതിനാൽ അവരെ തിരുത്തുന്നത് മര്യാദയല്ല. ഞാൻ ചോദ്യം മറ്റൊരു വിധത്തിലാക്കി: "ശരീഅത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി നാടിന്റെ സാമ്പത്തിക-സാമൂഹിക രംഗങ്ങളിൽ വിപ്ലവാത്മകമായ വല്ല പരിവർത്തനത്തിനും പ്രസിഡന്റ് നുമൈരി തുടക്കം കുറിച്ചിട്ടുണ്ടോ?"

"ശരീഅത്ത് നടപ്പാക്കുക എന്ന മഹത്തായ പ്രക്രിയയിലേർപ്പെട്ടിരിക്കുകയാണ് അദ്ദേഹമിപ്പോൾ. വിദേശ മദ്യത്തിന്റെ ഇറക്കുമതി നിരോധിച്ചു കഴിഞ്ഞു. ജനങ്ങൾക്കിടയിൽ ഈ ദൃശ നടപടികൾക്ക് നല്ല സ്വീകാര്യതയാണ് ലഭിക്കുന്നത്. സാമ്പത്തികരംഗം പഴയപോലെ തുടരുന്നു."

സാമ്പത്തികമായി സുഡാൻ തകർച്ചയിൽനിന്ന് തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വിലവീർപ്പുകൊണ്ട് വീർപ്പുമുട്ടുകയാണ് സുഡാനീസ് ജനത. തൊഴിലില്ലായ്മ അതിന്റെ മൂർധന്യതയെ മുറ്റിനിൽക്കുന്നു. അഴിമതി സാമ്പത്തിക രംഗത്താകെ പടർന്നു കയറിയിരിക്കുകയാണ്. ദേശീയ വരുമാനത്തിന്റെ സിംഹഭാഗവും, അയൽപക്കത്തെ കേണൽ ഖദ്ദാഫിയുടെ മണ്ടത്തരത്തെ തടുക്കാൻ വിനിയോഗിക്കേണ്ടിവരുന്നു. ഛാഡിൽനിന്ന് ഒഴുകി വന്ന അഭയാർഥികളാണ് മറ്റൊരു പ്രശ്നം. ആദ്യമേ അബല; പിന്നെയാണ് ഛാഡ്കാരെ 'ഗർഭം' ധരിക്കേണ്ടിവന്നത്. രാജ്യം ശരിക്കും ഒരു പൊട്ടിത്തെറിയുടെ വക്കത്ത് എത്തിനിൽക്കുന്നു. അപ്പോഴാണ് നുമൈരി ശരീഅത്ത് എന്ന അത്ഭുതവിളക്കുമായി പുനഃപ്രവേശം ചെയ്യുന്നത്. ഒരു വെടിക്ക് ഒരുപാട് പക്ഷി. നാട്ടിലെ ബഹുഭൂരിഭാഗം വരുന്ന മുസ്‌ലിം സാമാന്യജനം ശരീഅത്തിനെ എന്തായാലും സഹർഷം സ്വാഗതം ചെയ്യാതിരിക്കില്ല. മുഖ്യ പ്രതിയോഗികളായ ഇസ്‌ലാമിസ്റ്റുകളും നിശ്ശബ്ദരാവും. ജനവിശ്വാസം നഷ്ടപ്പെട്ട നുമൈരിയെപ്പോലുള്ളൊരു ഭരണാധികാരിക്ക് ശരീഅത്ത് ഒന്നാന്തരമൊരു വരായുധമായി തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഒരുദാഹരണം മാത്രമാണ് സുഡാൻ. ഇസ്‌ലാമിനോട് ഏതോ നിലക്ക് പ്രതിബദ്ധതയുള്ള പല മുസ്‌ലിം ഭരണത്തലവന്മാരും അടുത്ത കാലത്തായി പ്രയോഗിച്ചുവരുന്ന അടവാണിത്. ഇസ്‌ലാമിക വ്യവസ്ഥിതിക്ക് വേണ്ടി വെമ്പൽകൊള്ളുന്ന ജനതതയെ അടിച്ചമർത്തി വീണ്ടും കിളർക്കാനനുവദിക്കുന്നതിന് പകരം ശരീഅത്താകുന്ന മയക്കുമരുന്നുകൊണ്ട് ഉറക്കിക്കിടത്തുക. ബംഗ്ലാദേശിലെ ജനറൽ അർശാദ് ശരീഅത്തിന്റെ പ്രചാരകനും സംരക്ഷകനുമായി മാറിയതും മൗറിത്താനിയ ദീർഘനാളായി ശരീഅത്തിനെ പിടിച്ചാണയിടുന്നതും ഈ പശ്ചാത്തലത്തിൽ വേണം നോക്കിക്കാണാൻ. പാവം ഭൂട്ടോ! 'നിസാമെ മുസ്ത്വഫാ' അഥവാ ഇസ്‌ലാമിക വ്യവസ്ഥിതിക്ക് വേണ്ടി പാക് ജനത അലകടൽ കണക്കെ ഇരമ്പിവന്നപ്പോൾ ഭൂട്ടോ അതിനെ വെടിയുണ്ടകൾകൊണ്ട് നേരിടാൻ ശ്രമിച്ചു. ഏറെത്താമസിയാതെ അധികാരം വിട്ടൊഴിയേണ്ടിയും വന്നു. എല്ലാം ശ്രദ്ധിച്ചു പട്ടാളബാരക്കിൽ പതുങ്ങിനിന്ന ജനറൽ സിയാ അതേ പാക്ക് ജനതയെ ശരീഅത്ത് എന്നെഴുതിവെച്ച ഒരു പീഞ്ഞപ്പലകയുപയോഗിച്ചിതാ പറയത്തക്ക അല്ലസൊല്ലകളില്ലാതെ വർഷങ്ങളായി ഭരിക്കുന്നു. ഇവിടെ ആർക്കും ഒന്നും നഷ്ടപ്പെടാനില്ല. ചുരുക്കം ചിലർക്ക് കൈപത്തികളല്ലാതെ!

ജനറൽ സിയായെയും ജനറൽ അർശാദിനെയും പ്രസിഡന്റ് നുമൈരിയെയും മാത്രം പരാമർശ വിഷയമാക്കുന്നത് വസ്തുതകളുടെ നേരെ കണ്ണടക്കലാവും. പരമ്പരാഗതമായി ഇസ്‌ലാമിക ശരീഅത്ത് പുലരുന്നുവെന്ന് പറയപ്പെടുന്ന മുസ്‌ലിം നാടുകളാണ് ഈ വിഷയകമായി ഏറ്റവും പിൻനിരയിൽ. മുകളിൽ സൂചിപ്പിച്ച പോലെ ഇസ്‌ലാമിക ശരീഅത്തിന്റെ ഭാഗമായ ചില ശിക്ഷാവിധികൾ ആ നാടുകളിൽ ചിലതിൽ ഇപ്പോഴും തുടരുന്നുവെന്നത് വാസ്തവമാണ്. ഇസ്‌ലാമിക വിധികൾ ആവശ്യമുള്ളവർക്ക് അത്തരം വിധികൾക്ക് സമീപിക്കാവുന്ന ശരീഅത്ത് കോർട്ടുകൾ അന്നാടുകളിലുണ്ട് എന്ന് പറയുന്നതാവും കൂടുതൽ ശരി. മിക്കവാറും ഈ നാടുകളിലൊക്കെത്തന്നെയും ആധുനിക പാശ്ചാത്യ മാതൃകയിലുള്ള സമാന്തര കോടതികൾ ഉയർന്നുവന്നുകഴിഞ്ഞിരിക്കുന്നു. നിയമപാലനരംഗത്ത് അവക്കാണ് പ്രസക്തിയും പ്രാമുഖ്യവും. വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ ചുരുക്കം ചില വിഷയങ്ങൾ മാത്രം ശരീഅത്ത് കോടതികൾ കൈകാര്യം ചെയ്യുന്നു.

ഇസ്‌ലാമിക ശരീഅത്ത് കർശനമായി നിരോധിച്ച പലതും മിക്ക മുസ്‌ലിം നാടുകളിലും നിയമദൃഷ്ട്യാ കുറ്റകരമല്ല. പലിശ ഉദാഹരണം. പലിശ ഇടപാടിൽനിന്ന് വിട്ടുനിൽക്കുന്ന വ്യക്തികൾ മുസ്‌ലിംനാടുകളിലുണ്ട്. എന്നാൽ പലിശ ഇടപാടുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടാത്ത മുസ്‌ലിംനാടുകളില്ലെന്ന് തന്നെ പറയാം. ഏതാണ്ടെല്ലാ മുസ്‌ലിം നാടുകളിലും ലോകത്തെ കൂറ്റൻ പലിശ സ്ഥാപനങ്ങളുടെ ശാഖകളുണ്ട്. മുസ്‌ലിം നാടുകളിൽ ഏറ്റവും വ്യവസ്ഥാപിതമായും ആസൂത്രിതമായും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇവയാവാനാണ് സാധ്യത. അവിടങ്ങളിലെ പടുകൂറ്റൻ ബിൽഡിംഗുകളിൽ പലതും ഈ ബാങ്കുകളുടേതാണ്. മിക്ക മുസ്‌ലിം ഭരണകൂടങ്ങളും സ്വന്തമായോ പങ്കുചേർന്നോ പലിശാധിഷ്ഠിത ബാങ്കുകൾ നടത്തുന്നു. ഏറെക്കുറെ എല്ലാ മുസ്‌ലിം ഗവൺമെന്റുകൾക്കും ലോകത്തിലെ വൻകിട ബാങ്കുകളിൽ ഇടപാടുകളുണ്ട്. ചില പെട്രോ ഡോളർ ഗവൺമെന്റുകൾ പലിശ വഴി ലഭിക്കുന്ന ആദായം കൊണ്ട് മാത്രം സർക്കാർ ചെലവുകൾ നടത്തുന്നുണ്ടത്രെ. മുസ്‌ലിം നാടുകളിലെപല കൊമ്പൻ സ്രാവുകൾക്കും ലോകത്തെമ്പാടുമുള്ള വൻകിട ബാങ്കുകളുമായി ഇടപാടുകളുണ്ട്. എന്നാൽ ഇന്നേവരെ ഇപ്പറഞ്ഞ ഒന്നിനെതിരായും ഒരു നാട്ടിലെയും ഇസ്‌ലാമിക കോടതികൾ ശാസനകൾ പുറപ്പെടുവിച്ചിട്ടില്ല. പലിശരഹിത ബാങ്കുകൾ ഈ അടുത്തകാലത്തായി പല മുസ്‌ലിം നാടുകളിലും ഉയർന്നുവരുന്നുണ്ടെന്നത് വാസ്തവമാണ്. എന്നാൽ ഇന്നത്തെ സ്ഥിതിക്ക് അവ മുതവ്വഃകൾ(മൊല്ലമാർ)ക്കുള്ളതാണ്. ആൺകുട്ടികൾക്ക് ഇപ്പോഴും ഇടപാട് പഴയ സ്വിസ് ബാങ്കിൽതന്നെ!

ശരീഅത്ത് എന്ന സാങ്കേതിക പദത്തിന്റെ ഏറ്റവും പരിമിതമായ അർഥകൽപനയനുസരിച്ചുപോലും സകാത്ത് അതിലുൾപ്പെടും. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും മറ്റെല്ലാ ഇസ്‌ലാമിക വിധിവിലക്കുകൾ പാലിക്കാൻ സന്നദ്ധമാവുകയും ചെയ്തിട്ടും സകാത്ത് നിഷേധിച്ചവർക്കെതിരെ ഒന്നാം ഖലീഫ അബൂബക്ർ യുദ്ധം ചെയ്യുകയുണ്ടായിട്ടുണ്ട്. മുസ്‌ലിംനാടുകളിൽ സകാത്ത് വിതരണം സനിഷ്കർഷം പാലിക്കുന്ന വ്യക്തികളുണ്ട്. എന്നാൽ ഇന്നേവരെ സകാത്തായി കാൽക്കാശ് നൽകിയിട്ടില്ലാത്ത എത്രയോ ഖാറൂൻമാരും കൊമ്പന്മാരും ആ നാടുകളിൽ വിലസുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. സകാത്ത് തുക ഏൽപിക്കപ്പെട്ടാൽ അത് വിതരണം ചെയ്യുന്നതിന് ഭാഗികമായ ചില സംവിധാനങ്ങൾ ചുരുക്കം ചില മുസ്‌ലിംനാടുകളിലുണ്ടെങ്കിലും വ്യവസ്ഥാപിതമായും കണിശമായും അത് ശേഖരിക്കാനോ സഹകരിക്കാത്തവരെ നിയമത്തിന്റെ വരുതിയിൽ കൊണ്ടുവരാനോ ഒരൊറ്റ രാജ്യത്തും ഒരേർപ്പാടുമില്ല. പെട്രോ-ഡോളർ രാഷ്ട്രങ്ങൾ സമ്പത്തിന്റെ ആധിക്യംകൊണ്ട് വീർപ്പുമുട്ടുമ്പോൾ ഒട്ടേറെ മുസ്‌ലിംനാടുകളിലെ കോടിക്കണക്കിൽ ജനങ്ങൾ ദാരിദ്ര്യത്തിന്റെ അഗാധഗർത്തത്തിൽ ജീവന് വേണ്ടി പിടയുകയാണ്. സാധാരണ ധരിച്ചുവശായതിൽനിന്ന് തികച്ചും വ്യത്യസ്തമായി സുഊദി അറേബ്യയും ഇതര ഗൾഫുനാടുകളും ലിബിയയും മാത്രമാണ് മുസ്‌ലിംനാടുകളിൽ സമ്പന്നമായിട്ടുള്ളത്. ബംഗ്ലാദേശ്, ഇന്തോനേഷ്യ, സോമാലിയ, തെക്കും വടക്കും യമനുകൾ തുടങ്ങിയ മുസ്‌ലിംനാടുകൾ ലോകത്തിലെ പ്രതിശീർഷ വരുമാനം ഏറ്റവും കുറഞ്ഞ, ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന നാടുകളത്രെ. സമ്പന്ന മുസ്‌ലിംനാടുകൾ ധൂർത്തിലും ദുർവ്യയത്തിലും ആർഭാടത്തിലും ആഢംബരത്തിലും സർവവിധ സീമകളും അതിലംഘിച്ചു നീന്തിത്തുടിക്കുമ്പോൾ ദരിദ്ര മുസ്‌ലിം നാടുകളിലെ മുസ്‌ലിം ജനകോടികൾ ദാരിദ്ര്യത്തെ കാർന്നുതിന്നു കഷ്ടപ്പെടേണ്ടിവരിക എന്നത് ഇസ്‌ലാമികമായി ഒട്ടും ക്ഷന്തവ്യമോ അനുവദനീയമോ അല്ല. ഈ ദരിദ്രകോടികളെ സഹായിക്കാൻ ശരീഅത്ത്ദൃഷ്ട്യാ സമ്പന്നരായ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. പെട്രോ-ഡോളർ രാഷ്ട്രങ്ങൾ കടൽ തൂർത്ത് പാർക്കുകൾ നിർമിക്കാനും നൂറുതവണ പണിത റോഡുകൾ മാറ്റിപ്പണിയാനും കോടിക്കണക്കിൽ ഡോളർ വിലയുള്ള കാറുകളും ഫർണിച്ചറുകളും വാങ്ങി പൊതു ഖജനാവ് മുടിക്കാനും ചെലവഴിക്കുന്ന സംഖ്യയുടെ ചെറിയൊരംശം വിനിയോഗിച്ചാൽ ദരിദ്ര മുസ്‌ലിംനാടുകളിലെ നിരവധി സാമ്പത്തിക പ്രശ്നങ്ങൾ ഭംഗിയായി പരിഹരിക്കാവുന്നതാണ്. സകാത്തിന്റെ സാമൂഹികവും കണിശവുമായ ശേഖര വിതരണം വഴിയും പരിഹരിക്കാവുന്നതേയുള്ളൂ അവശേഷിക്കുന്ന പ്രശ്നങ്ങൾ. എന്നാൽ ശരീഅത്ത് നടപ്പാക്കുമെന്ന് പുതുതായുദ്ഘോഷിക്കുന്നവർക്കോ, പണ്ടേ ശരീഅത്തിനെ മുറുകെ പിടിക്കുന്നവരായി നടിക്കുന്നവർക്കോ ഇതൊന്നും ഒരുകാലത്തും പ്രശ്നമായിട്ടില്ല. നേരത്തെ പരാമർശിച്ചപോലെ, ഏതാനും ശിക്ഷാനടപടികൾ നടപ്പാക്കലാണ്, അത് മാത്രമാണ് ഇസ്‌ലാമിക ശരീഅത്ത് കൊണ്ട് അവരുദ്ദേശിക്കുന്നത്.

ശ്രീലങ്കക്കാരി ആയയെയും ഇന്ത്യക്കാരൻ 'ആയനെ'യും വ്യഭിചാരത്തിന് കല്ലെറിഞ്ഞു കൊല്ലാൻ ശിക്ഷിക്കുന്ന വാർത്തകൾ പത്രങ്ങളിൽ വലിയ തലക്കെട്ടുകൾ സൃഷ്ടിക്കാറുണ്ട്. ഇത് കേട്ടാൽ തോന്നുക ആകപ്പാടെ ആ നാടുകളിൽ ഈ ദൃശ കുറ്റങ്ങളിലേർപ്പെടുന്നവർ പുറംനാടുകളിൽനിന്ന് വരുന്ന ചിലരാണെന്നും മറ്റെല്ലാം ഭദ്രമാണെന്നുമാണ്. വാസ്തവമാകട്ടെ, പാശ്ചാത്യനാടുകളിലെ കാസിനോകളിലും നർത്യ നൃത്ത കേന്ദ്രങ്ങളിലെ മറ്റു കാമതീർഥങ്ങളിലും സ്ഥിരം പറ്റുകാരും സ്ഥിരം ഇടപാടുകാരുമായി വിലസുന്നവരിൽ നല്ലൊരു വിഭാഗം സമ്പന്ന നാടുകളിൽനിന്നുള്ളവരാണ്. വർഷത്തിലൊരിക്കൽ ഇത്തരം തീർഥങ്ങളന്വേഷിച്ച് ഊരുചുറ്റുക പുതിയ തലമുറയെ സംബന്ധിച്ചേടത്തോളമെങ്കിലും ഒരു നിർബന്ധ കാര്യമായിത്തീർന്നിരിക്കുന്നു. മോൺഡികാർലോവിലെ ഒരു നിശാ ക്ലബ്ബിൽ ഇടപാടുകാരിയോടൊത്ത് രമിക്കവെ, സ്വന്തം നാട്ടിലെ ശരീഅത്ത് കോടതി വ്യഭിചാരക്കുറ്റത്തിന് കല്ലെറിയാൻ വിധിച്ച സ്ത്രീപുരുഷരുടെ പടം നോക്കി, ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ സൃഷ്ടിച്ച അല്ലാഹുവിന് ആയിരം സ്തുതി അർപ്പിച്ചവരെക്കുറിച്ചൊരു പത്രം പ്രസിദ്ധീകരിച്ച കാർട്ടൂൺ ഇത്തരുണത്തിൽ ഓർത്തുപോവുകയാണ്.

ചൂതാട്ടം, മദ്യപാനം തുടങ്ങിയ കുറ്റകൃത്യങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ഗാംബ്ലിംഗ് തൊഴിലാക്കിയ എത്രയെങ്കിലും പ്രഭുക്കന്മാരും പ്രഭുകുമാരന്മാരും ചില മുസ്‌ലിം നാടുകളിലുണ്ട്. ഖത്തർ, സുഊദി അറേബ്യ തുടങ്ങിയ ചുരുക്കം പ്രദേശങ്ങളാണ് ഏറെക്കുറെ ഇസ്‌ലാമിക നിയമങ്ങൾ മുറുകെപ്പിടിക്കുന്ന പ്രദേശങ്ങൾ. ഇവിടങ്ങളിലൊഴിച്ച് മറ്റുമിക്ക മുസ്‌ലിം നാടുകളിലും മദ്യം ഹലാലാണ്. തസ്ബീഹ് മാലയുമായി മദ്യശാലയിൽ കയറി മൂക്കറ്റം മദ്യപിക്കുന്നവനെ ശരീഅത്തിന്റെ ചാട്ടവാർ ഒന്നു തലോടുക പോലും ചെയ്യുന്നില്ല. മദ്യം നിരോധിക്കപ്പെട്ട ചിലേടങ്ങളിൽതന്നെ വേണ്ടപ്പെട്ടവർക്ക് വേണ്ടപ്പോൾ വേണ്ടത്ര അളവിൽ അകത്താക്കാനുള്ള സകലവിധ സൗകര്യങ്ങളുമുണ്ട്. ചില വളരെ വേണ്ടപ്പെട്ടവരുടെ ഒത്താശകളോടെ ക്ലബ്ബുകളിൽ നിർബാധം ലഹരിപദാർഥങ്ങൾ വിളമ്പപ്പെടാറുണ്ടെങ്കിലും നിയമത്തിന്റെ ചാട്ടവാർ അത്തരം ക്ലബ്ബുകളുടെ നാലയലത്തേക്ക് പോലും നീളുന്നില്ല എന്നതാണ് വസ്തുത. വി.ഐ.പികളും സകലവിധ കസ്റ്റംസ് പരിശോധനകൾക്കും അതീതരാണ്. അതുകൊണ്ടുതന്നെ വേണ്ടത്ര അളവിൽ വിദേശമദ്യം നാട്ടിനകത്തേക്ക് കടത്തിയെത്തിക്കാൻ ഒട്ടും പ്രയാസപ്പെടേണ്ടതില്ല.

പറഞ്ഞുവരുന്നതിതാണ്: ശരീഅത്ത് എന്നതിന്റെ വിവക്ഷ ശിക്ഷാവിധികൾ നടപ്പാക്കൽ എന്നായിത്തീർന്നിരിക്കുന്നു. അത് തന്നെയും തടുക്കാനോ ഉന്നതങ്ങളിൽ അടുക്കാനോ കഴിവും സ്വാധീനവുമില്ലാത്ത സാധാരണക്കാരന്റെ നടുപ്പുറത്ത്. അതിലും വലിയൊരർഥ കൽപന ശരീഅത്തിനില്ല. സംഭവം എന്തുതന്നെയായാലും ശരീഅത്തിന്റെ പുനഃസ്ഥാപനത്തിനുവേണ്ടി മുറവിളി കൂട്ടുന്നവർ ഈയൊരവസ്ഥക്ക് വേണ്ടിയല്ല വിമർശനങ്ങളും വെടിയുണ്ടകളും സഹിക്കുന്നത് എന്നത് തീർച്ചയാണ്. നാലാളെ കല്ലെറിഞ്ഞുകൊന്നും കുറേ പേരെ കൈ മുറിച്ചും പരിഹരിക്കാവുന്നതല്ല ആധുനിക യുഗത്തിലെ പ്രശ്നങ്ങൾ എന്ന് അറിയാതിരിക്കുമാറ് മണ്ടന്മാരല്ല അവർ. മുസ്‌ലിംനാടുകളിൽ ചിലത് ശരീഅത്ത് നിയമങ്ങൾ ഭേദഗതി ചെയ്യുമ്പോൾ കവിഞ്ഞ അങ്കലാപ്പോ, ചിലർ ശരീഅത്തിന്റെ ഏതാനും ചില വശങ്ങൾ നടപ്പാക്കുമ്പോൾ അതിരുകവിഞ്ഞ ആവേശമോ ഇസ്‌ലാമിസ്റ്റുകൾ പ്രകടിപ്പിക്കാതിരിക്കുന്നതും മറ്റൊന്നുകൊണ്ടല്ല. ■